നം.10/2018/SRG/LSGD(CC) തീയതി: 3.07.2018

# കുറിപ്പ്

സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി 2018-19 വാർഷിക പദ്ധതി അന്തിമമാക്കി സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 30.06.2018 ആണ്. 23.05.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ നിബന്ധനകൾക്ക് വിധേയമായി വാർഷിക പദ്ധതിയിൽ അത്യാവശ്യം ചില ഭേദഗതികൾ അനുവദിച്ചിരുന്നു. എന്നാൽ വിശദമായ എസ്റ്റിമേറ്റ് എടുത്തപ്പോഴും മറ്റും ചില പ്രോജക്ടുകൾ നടപ്പാക്കാൻ കഴിയില്ലെന്നും ചില പ്രോജക്ടുകളിൽ ഭേദഗതികൾ അത്യാവശ്യമായി വരുന്നുവെന്നും തദ്ദേശഭരണ സ്ഥാപനങ്ങൾ അറിയിച്ചിട്ടുണ്ട്.

ഉദാ:- റോഡിന്റെ പ്രത്യേക അവസ്ഥകാരണം ടാറിംഗിന് സാധ്യമാകാതെ വരികയും കോൺക്രീറ്റിംഗ് അനിവാര്യമായി വരികയും ചെയ്യുക.

ഇത്തരം അവസരങ്ങളിൽ 23.05.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിൽ പ്രതിപാദിക്കാത്തതും എന്നാൽ മുകളിൽ പറഞ്ഞ പ്രകാരമുള്ള ഭേദഗതി ആവശ്യമായി വരുന്നതുമായ ഘട്ടത്തിൽ ബന്ധപ്പെട്ട പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യ പത്രത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ പ്ലാനിംഗ് ഓഫീസർ പരിശോധിച്ച് ശുപാർശ ചെയ്യുന്നതനുസരിച്ച് അതത് ജില്ലാ ആസൂത്രണസമിതികൾക്ക് ഭേദഗതികൾ അനുവദിക്കുന്ന കാര്യത്തിൽ ഉചിതമായ തീരുമാനമെടുക്കാവുന്നതാണ്.

ഇത്തരം ഭേദഗതികൾ കൂടി ഉൾപ്പെടുത്തി 2018-19 വാർഷിക പദ്ധതി അന്തിമമാക്കി ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കുന്നതിനുള്ള സമയം 15.07.2018വരെ ദീർഘിപ്പിച്ച് നൽകാൻ തീരുമാനിച്ചു.

അഡീഷണൽ ചീഫ് സെക്രട്ടറി
തദ്ദേശസ്വയംഭരണ വകുപ്പ്